പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2126** | 16/08/2017 ൽ മറുപടിക്ക്

**പൊതുമേഖലാ ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ലഭ്യമാക്കാമോ; | (എ) യും | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് പാൽമിറ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് വർക്കേഴ്സ് വെൽഫെയർ കേർപ്പറേഷൻ ലിമിറ്റഡിൽ 7 മാസത്തെ ശമ്പളവും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ 2 മാസത്തെ ശമ്പളവും ടെക്സ്റ്റൈയിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആയ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ടെക്സ്റ്റൈയിൽ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനമായ പ്രിയദർശിനി മിൽ എന്നീ സ്ഥാപനങ്ങളിൽ ജൂലൈ മാസത്തെ ശമ്പളവും നൽകുവാനുണ്ട്. ഇതിൽ ടെക്സ്റ്റൈയിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ശമ്പളം ആഗസ്റ്റ് മാസം അവസാനത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പാൽമിറ പ്രോഡക്ട്സിലും കേരളആട്ടോമൊബൈൽസിലും ശമ്പളം വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ടെക്സ്റ്റൈൽ മേഖലയിലെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ലഭ്യമാക്കാമോ; | (ബി) യും | |
| (സി) ജീവനക്കാർക്ക് എത്രമാസമായി ശമ്പളം ലഭിക്കുന്നില്ലായെന്നും എന്നത്തേക്ക് ശമ്പളം ലഭ്യമാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | |

സെക്ഷൻ ഓഫീസർ